# പതിമൂന്നാം കേരള നിയമസഭ – എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1814      25/03/13-ൽ മറുപടിക്ക്

## പോള വാരൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി: | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഫിഷറീസ് വകുപ്പിന് കീഴിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പോള വാരുന്നതിന് മുംബൈ ആസ്ഥാനമായ കരാറുകാരന് എന്നു മുതലാണ് കരാർ നൽകിയതെന്നും കരാർ കാലാവധി എന്നുവരെ എന്നും എഗ്രിമെന്റിന്റെ പകർപ്പ് സഹിതം വിശദമാക്കുമോ; | (എ) കരാറുകാരനുമായി അന്തിമ കരാർ ഒപ്പുവച്ചിട്ടില്ല. വിശദമായ കരാർ ഒപ്പുവയ്ക്കുന്നതിന് മുമ്പായി കുട്ടനാട് പ്രദേശത്തെ പൊതുജലാശയങ്ങളുടെ മാപ്പ്(Map) തയ്യാറാക്കേണ്ടതും പോളയുടെ ബയോമാസ്സ് നിർണയിക്കേണ്ടതുമുണ്ട്. ഇതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മാപ്പ്(Map) ലഭ്യമായാൽ മാത്രമെ അന്തിമ ഉടമ്പടി ഒപ്പിടുവാൻ സാധിക്കുകയുള്ളൂ.<br><br>എന്നാൽ, കുട്ടനാട് പ്രദേശത്തെ പോളശല്യം ഗുരുതരമായതിനാൽ പൈലറ്റ് അടിസ്ഥാനത്തിൽ പോളവാരൽ ജോലി ആരംഭിക്കുന്നതിന് അനുമതി നല്കിയിട്ടുള്ളതും ജോലി ആരംഭിച്ചിട്ടുള്ളതുമാണ്. പൈലറ്റ് അടിസ്ഥാനത്തിലുള്ള പോള വാരൽ പ്രവൃത്തിയുടെ കാര്യക്ഷമത കൂടി പരിശോധിച്ച ശേഷമായിരിക്കും അന്തിമ കരാർ ഒപ്പുവയ്ക്കുന്നത്. |
| (ബി) പോള വാരുന്നതിന് വീഡ് ഹാർവസ്റ്റർ മെഷീന് പകരം ജെ.സി.ബി ഉപയോഗിക്കാമെന്ന് ടെൻഡറിൽ വ്യവസ്ഥ ചെയ്തിരുന്നോ; ഇല്ലെങ്കിൽ ജെ.സി.ബി ഉപയോഗിക്കുന്നതിന് സർക്കാരിന്റെ ഉത്തരവ് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) ഇല്ല, സർക്കാർ ഉത്തരവ് നല്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ജെ.സി.ബി ഉപയോഗിച്ച് പോള വാരുന്നതുകൊണ്ടുള്ള പാരിസ്ഥിതിക ആഘാതവും മറ്റ് അപകടങ്ങളും വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | എഗ്രിമെന്റ് വച്ച് മാസങ്ങൾക്കു ശേഷവും കരാറുകാരൻ വീഡ് ഹാർവസ്റ്റർ മെഷീൻ ഉപയോഗിച്ച് പോളവാരൽ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | കരാറുകാരനുമായി അന്തിമ കരാർ ഒപ്പുവച്ചിട്ടില്ല. |
| (ഇ) | ജെ.സി.ബി ഉപയോഗിച്ച് പോള വാരുന്നതിന് ക്യൂബിക് മീറ്ററിന് 220 രൂപയും ടാക്സും നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഇ) | ഇല്ല |
| (എഫ്) | പോളവാരുന്ന കരാറുകാരൻ ഇതിനു മുമ്പ് എവിടെയൊക്കെ സമാന പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത മേഖലയിൽ പ്രവൃത്തി പരിചയം ഉണ്ടോ എന്നും വ്യക്തമാക്കിയിട്ടുണ്ടോ; പ്രസ്തുത കരാറുകാരന്റെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (എഫ്) | ഉണ്ട്, പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ജി) | നാളിതുവരെയും വീഡ് ഹാർവസ്റ്റർ മെഷീൻ പോള വാരുന്നതിന് ഉപയോഗിക്കാതെ ജെ.സി.ബി ഉപയോഗിച്ചതുമായി ബന്ധപ്പെട്ട ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ജി) | വീഡ് ഹാർവസ്റ്റർ മെഷീൻ ഉപയോഗിച്ച് പോള വാരുന്നതിനുള്ള അന്തിമ കരാർ ഒപ്പുവച്ചിട്ടില്ല. |
| (എച്ച്) | പോള വാരുന്നതിനുള്ള പ്രസ്തുത കരാർ റദ്ദു ചെയ്യുന്നതിനും റീ ടെൻഡർ ചെയ്യുന്നതിനും സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എച്ച്) | ബോംബെ ജെ.സി.ബി എർത്ത് മൂവേഴ്സ് എന്ന സ്ഥാപനവുമായി പോള വാരുന്ന പ്രവർത്തിക്കുള്ള അന്തിമ കരാർ ഒപ്പു വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# Office of the Executive Engineer Mechanical Division

J&K Lakes & Waterways Development Authority, Dockyard Complex Ishber Nishat
Northern Foreshore Road Srinagar – 191121
Fax No. 0194 – 462881


June 18, 2011

## TO WHOM IT MAY CONCERN

For cleaning of Dal Lake at Srinagar, we have been supplied Two (2) Weed Harvesters and Two (2) Transport Barges by M/s Aquarius Systems, USA through their Indian agents M/s Bombay JCB Earthmovers, Navi Mumbai.

The machines were delivered on June 3, 2011 and have been successfully commissioned after completion of lake trials. We have been operating the machines through the staff of M/s Bombay JCB Earthmovers and the performance of the machines has been found to be satisfactory.

M/s Bombay JCB Earthmovers are also providing operation and maintenance services with their staff. Their staff has been found to be professional and disciplined.

For J&K Lakes and Waterways Development Authority

A.G. JADHAV
NOTARY
Regd. 451
Govt. Of Maharashtra

18.06.2011

EXECUTIVE ENGINEER
Mechanical Division J&K Lawda
Srinagar


Executive Engineer
Mechanical Division
Tel: +91 94190 00395


TRUE COPY

NOTARY
A.G. JADHAV
B.A.LL.B
E-6,1 1 1st Floor
Sector-1 Vashi
Navi Mumbai,
Tel:27826026

27 NOV 2012